II ഇ.ബി. XIII- കേരള നിയമസഭ/V-7

**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2012 ജൂൺ 19, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

18 (*181) ഊർജ്ജ സംരക്ഷണ നടപടികൾ

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, ഊർജ്ജ സംരക്ഷണത്തിനായി ഉപഭോക്താക്കൾക്കിടയിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വീടുകളിലും ഓഫീസുകളിലും വ്യവസായ സ്ഥാപനങ്ങളിലും ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾക്കാണ് ഊന്നൽ നൽകുന്നതെന്ന് സഭയെ അറിയിച്ചു. വൈദ്യുതി ബോർഡിന്റെ ഓഫീസുകളിലും മറ്റ് സർക്കാർ ഓഫീസുകളിലും സി.എഫ്. ലാമ്പുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക, വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ 'നാളേക്കിത്തിരി ഊർജ്ജം' പദ്ധതി നടപ്പിലാക്കുക, വീട്ടമ്മമാർക്കുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വാർത്താമാദ്ധ്യമങ്ങൾ തുടങ്ങിയവയുമായി സഹകരിച്ച് ഊർജ്ജസംര

ക്ഷണ പരിപാടികൾ/ മത്സരങ്ങൾ സംഘടിപ്പിക്കുക, വ്യവസായശാലകളിലെ ഊർജ്ജം പുനരുപയോഗിക്കുന്നതു സംബന്ധിച്ച പഠനവും ഊർജ്ജ ഓഡിറ്റും നടത്തുക തുടങ്ങിയ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. ലോഡ് കൺട്രോൾ സംവിധാനം, തെരുവു വിളക്കുകൾ നിയന്ത്രിക്കുന്നതിന് ഓട്ടോ മാറ്റിക് സംവിധാനം, ടൈം ഓഫ് ദി ഡേ മീറ്റർ (ടി.ഒ.ഡി.) സ്ഥാപിക്കൽ, കാർഷികാവശ്യത്തിന് ഊർജ്ജക്ഷമത കൂടിയ പമ്പുകൾ സ്ഥാപിക്കൽ, 5 കോർപ്പറേഷനുകളിലും 60 മുനിസിപ്പാലിറ്റികളിലും 100 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ വീതം സ്ഥാപിക്കൽ, 100 കിലോവാട്ടോ അതിലധികമോ കോൺട്രാക്ട് ഡിമാന്റുള്ള കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് നടപ്പിലാക്കൽ, ഊർജ്ജ സംരക്ഷണ അവാർഡുകൾ നൽകൽ തുട ങ്ങിയവ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഊർജ്ജ സംരക്ഷണ പദ്ധതികൾക്കായി കേന്ദ്രസർക്കാർ അനുവദിച്ച 980 കോടി രൂപയ്ക്കു പുറമെ 2011–12–ലെ ബഡ്ജറ്റിൽ എനർജി മാനേജുമെന്റ് സെന്ററിനായി (ഇ.എം.സി) വകകൊള്ളിച്ചിരുന്ന 26.20 കോടി രൂപയിൽ 13.82 കോടി രൂപ മാർച്ച് മാസത്തിൽ അനുവദിക്കുകയുണ്ടായിയെന്നും വൺ ഇയർ പ്രോഗ്രാമിന് അനുവദിച്ച മുഴുവൻ തുകയ്ക്കുമുള്ള പദ്ധതികൾ ഈ വർഷം തന്നെ നടപ്പി ലാക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ഊർജ്ജ സംരക്ഷണ ഫണ്ടിന്റെ ശേഖരണം, വിനിയോഗം എന്നിവ സംബന്ധിച്ച് 27–3–2010–ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2000 ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കു ന്നതിനും മാലിന്യത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും എം.എൻ.ആർ.ഇ. (മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവൽ എനർജി)യും സംസ്ഥാന സർക്കാരും സബ്സിഡി നൽകിക്കൊണ്ട് 10000 വീടുകളിൽ

സൗരോർജ്ജ പാനൽ സ്ഥാപിച്ച് സൗരോർജ്ജം ഉല്പാദിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. വീടുകളിൽ സൗരോർജ്ജ പാനലുകൾ നിർബന്ധമാക്കുന്നതാണ്. സബ്സ്റ്റേഷനുകൾ സ്ഥാപിച്ചതിലൂടെ വൈദ്യുതിയുടെ പ്രസരണ/വിതരണ നഷ്ടം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് വിജിലൻസ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടെന്നും 1050 മെഗാവാട്ട് ഉല്പാദനശേഷിയുള്ള ചീമേനി പദ്ധതിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെത്തുടർന്ന് എൻ.ടി.പി.സി. (നാഷണൽ തെർമൽ പവർ കോർപ്പറേഷൻ)യും നെയ്‌വേലി കോർപ്പറേഷനുമായും ആലോചിച്ച് കേരളത്തിനുപുറത്ത് പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയുമോയെന്ന് പരിശോധിച്ചുവരികയാണെന്നും ഉപയോഗശൂന്യമായ സി.എഫ്.ലാമ്പുകൾ ശേഖരിച്ച് നശിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**19 (*182) <u>സ്വയം സന്നദ്ധത പുനരധിവാസ പദ്ധതി</u>**

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, കടുവാ സങ്കേതങ്ങൾ, മറ്റു വന്യമൃഗ സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവിടങ്ങളിൽ അലംഘനീയ ആവാസ വ്യവസ്ഥ ഒരുക്കുന്നതിനായി അവയുടെ സുപ്രധാന ഭാഗങ്ങളിൽ നിന്നും ആളുകളെ മാറ്റിപ്പാർപ്പിക്കുക എന്നതാണ് സ്വയം സന്നദ്ധത പുനരധിവാസ പദ്ധതിയുടെ ലക്ഷ്യമെന്നും കേന്ദ്ര സർക്കാർ ഇതിന്റെ മാർഗ്ഗരേഖ ഇറക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുനരധിവാസ പദ്ധതിയിൽ ഓപ്ഷൻ I അനുസരിച്ച് പുനരധിവാസമില്ലാതെ ഓരോ കുടുംബവും 10 ലക്ഷം രൂപ

സ്വീകരിച്ച് സ്വയം ഒഴിഞ്ഞുപോകേണ്ടതും ഓപ്ഷൻ II അനുസരിച്ച് ഒഴിഞ്ഞുപോകുന്ന ഓരോ കുടുംബത്തിനും 10 ലക്ഷം രൂപാ നിരക്കിൽ കൃഷിഭൂമിയും വീടും സൗകര്യങ്ങളും മറ്റ് ആനുകൂല്യങ്ങളും വനം വകുപ്പ് തരപ്പെടുത്തി പുനരധിവസിപ്പിക്കേണ്ടതുമാണ്. ഈ പദ്ധതിപ്രകാരം വയനാട് വന്യജീവി സങ്കേതത്തിലെ ഗോളൂർ-അമ്മവയൽ, കൊട്ടങ്ങര, കോഴിക്കോട് എന്നിവിടങ്ങളിലെ 59 കുടുംബങ്ങളെ ഇതിനോടകം പുനരധി വസിപ്പിച്ചിട്ടുണ്ട്. പുനരധിവാസത്തിനായി കേന്ദ്രത്തിൽ സമർപ്പിച്ച 85 കോടി രൂപയുടെ പദ്ധതി കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് അംഗീകരിക്കുകയും 3.5 കോടി രൂപ അനുവദിക്കുകയും ചെയ്തുവെന്നും സംസ്ഥാന സർക്കാർ 2 കോടി 40 ലക്ഷം രൂപ രണ്ട് ഘട്ടങ്ങളിലായി അനുവദിച്ചിട്ടുണ്ടെന്നും പദ്ധതി പ്രദേശത്തുനിന്ന് ജനങ്ങളെ ഒഴിപ്പിക്കുന്ന മുറയ്ക്ക് കേന്ദ്രസർക്കാർ പണം റിലീസ് ചെയ്യുകയാണെന്നും മന്ത്രി അറിയിച്ചു. ട്രൈബൽ വിഭാഗങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചിട്ടുണ്ടെന്നും ഇടുക്കി ജില്ലയിലെ കൈതപ്പാറ, മലയത്തടം എന്നി വിടങ്ങളിൽ വന്യമൃഗ ശല്യം നേരിടുന്നവരെ മാറ്റിപ്പാർപ്പിക്കണമെന്ന മുഖ്യ മന്ത്രിയുടെ നിർദ്ദേശം നടപ്പാക്കാനുളള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും മറ്റ് പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പാക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നി ല്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

20 (*183) <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണം</u>

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, വ്യവസായ വകുപ്പിന്റെ അധീനത

യിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നില നിർത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്ന തെന്നും സ്വകാര്യവത്ക്കരണം ഈ സർക്കാരിന്റെ നയമല്ലെന്നും സഭയെ അറിയിച്ചു. മുൻസർക്കാരിന്റെ കാലത്ത് പുതിയതായി ആരംഭിച്ച 9 യൂണിറ്റു കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും വാണിജ്യാടി സ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കുന്നതിന് സജ്ജമാക്കുകയും ചെയ്തിട്ടു ണ്ട്. പുതിയ യൂണിറ്റിലേയ്ക്ക് ജീവനക്കാരെ നിയമിക്കുന്നതിന് നടത്തിയ വിജ്ഞാപനത്തിൽ ക്രമക്കേടുകൾ ആരോപിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ മുമ്പ് സ്വീകരിച്ച നടപടിക്രമങ്ങളും റാങ്ക് ലിസ്റ്റുകളും റദ്ദാക്കി നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് ഒഴിവുകൾ നികത്തുന്നതിന് റിയാബിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഇതിനായി എൻ.ഐ.സി.യുടെ പോർട്ടൽ ഉപയോഗിച്ച് ഓൺലൈനിൽ അപേക്ഷകൾ ക്ഷണിക്കുന്നതിനുള്ള നടപടി കൾ സ്വീകരിച്ചുവരുന്നുണ്ടെന്നും അടുത്ത മൂന്ന് മാസത്തിനുള്ളിൽ നിയമന ങ്ങൾ പൂർത്തിയാക്കി വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കുന്ന താണെന്നും മന്ത്രി വ്യക്തമാക്കി. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇടപാടു കളിൽ സുതാര്യത ഉറപ്പാക്കുന്നതിനായി ഇലക്ട്രോണിക് പ്രൊക്യുർമെന്റ് സംവിധാനം, യഥാസമയം ആഡിറ്റ് പൂർത്തിയാക്കുന്നതിന് ഇലക്ട്രോണിക് സംവിധാനം, ദൈനംദിന മോണിറ്ററിംഗ് സംവിധാനം, മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം എന്നിവ ഈ സാമ്പത്തികവർഷം തന്നെ നടപ്പാ ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങ ളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് പരി ശീലനം നൽകുന്നതിനും യോഗ്യരായവരെ നിയമിക്കുന്നതിനുമുള്ള ഒരു

ദീർഘകാല പദ്ധതി നടപ്പിലാക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ നവീകരിക്കാനും മാർക്കറ്റ് സ്റ്റഡി നടത്തി വിപുലപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ടെന്നും ലാഭവിഹിതം സംബന്ധിച്ച് തെറ്റായ കണക്കുകൾ നൽകിയ 11 പൊതുമേഖലാ സ്ഥാപനങ്ങളോട് വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണെന്നും പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസിന്റെ കടബാദ്ധ്യതകൾ തീർത്ത് പുതിയ വ്യവസായം ആരംഭിക്കുന്നതിനുള്ള ക്യാബിനറ്റ് നോട്ട് തയ്യാറായിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

21 (*184) <u>ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും ജലവൈദ്യുതപദ്ധതികളും</u>

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കാനാവില്ലെന്നും പശ്ചിമഘട്ട പരിസ്ഥിതി സംരക്ഷണ രൂപരേഖ (Western Ghats Ecology Conservation Plan, Western Ghats Ecology Authority) അന്തിമമായി രൂപപ്പെടുത്തുമ്പോൾ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സംസ്ഥാനങ്ങൾക്ക് ഉചിതമായ നടപടികൾ സ്വീകരിക്കാൻ അനുമതി നൽകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പാരിസ്ഥിതിക അനുമതി നൽകാൻ മാധവ് ഗാഡ്ഗിൽ കമ്മിറ്റി വിസമ്മതിച്ച കർണ്ണാടകയിലെ ഗൂണ്ടിയ പദ്ധതി പുന:പരിശോധിക്കാൻ 2012 ഫെബ്രുവരി 10,11 തീയതികളിൽ നടന്ന കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 55-ാമത് യോഗം ശുപാർശ ചെയ്യാൻ തീരുമാനിച്ച സാഹചര്യത്തിൽ സമാനമായ അതിരപ്പിള്ളി പദ്ധതിയുടെ കാര്യവും പുന:പരിശോധിക്കണ

മെന്ന് മുഖ്യമന്ത്രി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചാൽ 30 മുതൽ 60 വർഷംവരെ പഴക്കമുളള ഡാമുകൾ ഘട്ടംഘട്ടമായി ഡീ-കമ്മീഷൻ ചെയ്യേണ്ടിവരുമെന്നും അതിരപ്പിളളി ജലവൈദ്യുത പദ്ധതി ഉൾപ്പെടെ സംസ്ഥാനത്തെ പശ്ചിമഘട്ട വനനിരകളിൽ 10 മെഗാവാട്ട് സ്ഥാപിതശേഷിയിൽ കൂടുതലുളള ഒരു ജല വൈദ്യുത പദ്ധതിയും നടപ്പിലാക്കാൻ സാധിക്കുകയില്ലെന്നും കുടിവെളളം, ജലസേചനം, വൈദ്യുതി എന്നിവ സംസ്ഥാനത്ത് ലഭ്യമല്ലാതാകുമെന്നും ഉപ ചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി 185 മുതൽ 210 വരെയുളള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1870 മുതൽ 2166 വരെയുളള ചോദ്യങ്ങളിൽ 224 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.